STPI ആവിഷ്കരിച്ചിട്ടുണ്ട്. ഡാറ്റാ കമ്മ്യൂണിക്കേഷൻ സേവനങ്ങൾ, മൂല്യവർദ്ധിത സേവനങ്ങൾ, വ്യാവസായിക ഐ.ടി./ഐ.ടി. അനുബന്ധ സേവനങ്ങൾ, ചെറുകിട ഇടത്തരം സംരംഭകരുടെ ഉന്നമനവും അതിലൂടെ ഐ.ടി./ഐ.ടി അനുബന്ധ സേവന സംരംഭക മേഖലയിൽ അനുകൂല സാഹചര്യം ഒരുക്കുന്നു.

(ബി) കോഴിക്കോട് സൈബർ പാർക്കിൽ 11,700 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ ഉദ്ഘാടനം ചെയ്തു. 2.84 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി. കെട്ടിടം പണി പുരോഗമിച്ചുവരുന്നു. പ്രസ്തുത കെട്ടിടം പണി പൂർത്തിയാക്കി 2016 ഏപ്രിലോടെ ഐ.ടി. സംരംഭകർക്ക് നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടു നൽകിയ സ്ഥലം

264 (609) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി സ്മാർട്ട് സിറ്റിക്കായി ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് ആകെ എത്ര വിസ്തൃതിയുള്ള സ്ഥലമാണ് വിട്ടുനൽകിയിട്ടുള്ളത് ; ഇതിൽ എത്ര ഹെക്ടർ സ്ഥലമാണ് പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടു നൽകിയ സ്ഥലത്തിൽ എത്ര ഹെക്ടർ സ്ഥലത്തിന് സ്വതന്ത്രമായ വിൽപ്പന അവകാശം നൽകിയിട്ടുണ്ട് ;

(സി) ടീംകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് വിട്ടുനൽകിയ സ്ഥലത്തിന്റെ സ്വതന്ത്രമായ വിൽപ്പന അവകാശവുമായി ബന്ധപ്പെട്ട് ഈ സർക്കാർ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ എന്താണെന്നും ഓരോ കരാറുകളും അനുസരിച്ച് വിട്ടുകൊടുത്ത ഭൂമിയിലെ ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിയുടെ അവകാശം സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി സ്മാർട്ട് സിറ്റിക്കായി ടീകോം ഇൻവെസ്റ്റ്മെന്റ് കമ്പനിക്ക് 246 ഏക്കർ സ്ഥലമാണ് വിട്ടു നൽകിയിട്ടുള്ളത്. അതിൽ 232 ഏക്കർ സ്ഥലമാണ് പ്രത്യേക സാമ്പത്തിക മേഖലയായി വിജ്ഞാപനം ചെയ്തിട്ടുള്ളത്.

(ബി) Frame work agreement പ്രകാരം ആകെ ഭൂമിയുടെ 12% ഭൂമിയിൽ ടീകോം കമ്പനിക്ക് സ്വതന്ത്ര അവകാശത്തിന് അർഹതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly